എഞ്ചിനീയറിംഗ്, മെഡിക്കൽ പൊതുപ്രവേശന പരീക്ഷയുടെ ഉത്തരക്കടലാസ് മൂല്യ നിർണ്ണയം

104 (2084) ശ്രീ. എ. കെ. മണി :

ശ്രീ. ഇ. എം. അഗസ്തി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഞ്ചിനീയറിംഗ്, മെഡിക്കൽ പൊതുപ്രവേശന പരീക്ഷയുടെ ഉത്തരക്കടലാസ് മൂല്യനിർണ്ണയം ചെയ്യുന്ന രീതി വിശദീകരിക്കുമോ ;

(ബി) കമ്പ്യൂട്ടറിലാണോ ഈ പ്രവർത്തി ചെയ്യുന്നത് ;

(സി) എങ്കിൽ ഈ നടപടി ആരംഭിച്ചപ്പോൾ മുതൽ ഇതുവരെ ഈ ജോലി ചെയ്തു വരുന്നത് ഒരാൾ തന്നെയാണോ ;

(ഡി) ഒരാളെത്തന്നെ എല്ലാ പരീക്ഷകൾക്കും ഉത്തരക്കടലാസ് മൂല്യനിർണ്ണയം ചെയ്യുവാൻ നിയോഗിക്കുന്നതിനുള്ള കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു†.

(ബി) അതെ.

(സി) ഈ ജോലികൾ ചെയ്യുന്നത് കമ്മീഷണറുടെ സാന്നിദ്ധ്യത്തിൽ കമ്പ്യൂട്ടർ സെക്ഷനിലെ ഉദ്യോഗസ്ഥർ അടങ്ങുന്ന ഒരു ടീമാണ്. കൂടാതെ കഴിഞ്ഞ വർഷം സർക്കാർ നിയോഗിച്ച അഞ്ച് സീനിയർ ഐ.എ.എസ്. ഉദ്യോഗസ്ഥർ അടങ്ങുന്ന ഒരു ഉന്നതതല സംഘം നിരീക്ഷകരായി പ്രവർത്തിച്ചിരുന്നു.

(ഡി) ബാധകമല്ല.

പ്രവേശന പരീക്ഷാ കമ്മീഷണറുടെ മേൽനോട്ടത്തിലുള്ള പ്രവേശനപരീക്ഷ

105 (2085) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവേശനപരീക്ഷ കമ്മീഷണറുടെ മേൽനോട്ടത്തിൽ ഏതൊക്കെ പ്രവേശനപരീക്ഷകളാണ് നിലവിൽ നടത്തുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) 1998-99 അക്കാദമിക് വർഷക്കാലത്ത് പ്രവേശനപരീക്ഷാ കൺട്രോളറുടെ മേൽനോട്ടത്തിൽ ഏതൊക്കെ പരീക്ഷകൾ നടന്നു എന്നും ഓരോന്നിനും എന്തുതുക വീതം ഏതൊക്കെ ഇനത്തിൽ ചെലവുചെയ്തു എന്നും വ്യക്തമാക്കുമോ ;

---

† അനുബന്ധം XVII

LIBRARY ARCHIVES Kerala Legislative Assembly

(സി) കഴിഞ്ഞ സാമ്പത്തിക വർഷക്കാലത്ത് വേതനത്തിനു പുറമേ ഏതൊക്കെ ഇനത്തിൽ എത്ര രൂപ പ്രവേശന പരീക്ഷാ കൺട്രോളറുടെ വിവിധ തസ്തികയിലുള്ള ഓരോരുത്തർക്കും ലഭിച്ചു എന്നതിന്റെ കണക്ക് മേശപ്പുറത്ത് വയ്ക്കാമോ ?

ഉത്തരം

(എ) പ്രവേശന പരീക്ഷാ കമ്മീഷണറുടെ മേൽനോട്ടത്തിൽ താഴെ പറയുന്ന കോഴ്സുകളിലേക്കുള്ള പ്രവേശനപരീക്ഷകളാണ് നിലവിൽ നടത്തുന്നത്.

1. മെഡിക്കൽ/എഞ്ചിനീയറിംഗ്/അഗ്രിക്കൾച്ചറൽ കോഴ്സുകൾക്കുള്ള പൊതുപ്രവേശന പരീക്ഷ
2. പോസ്റ്റ് ഗ്രാജ്വേറ്റ് മെഡിക്കൽ കോഴ്സുകൾ
3. പോസ്റ്റ് ഗ്രാജ്വേറ്റ് സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകൾ
4. എം.ഫാം കോഴ്സ്
5. മാസ്റ്റർ ഓഫ് ദന്തൽ സർജറി കോഴ്സ്
6. പഞ്ചവത്സര എൽ.എൽ.ബി. കോഴ്സുകൾ
7. എം.എസ്.സി. നഴ്സിംഗ് കോഴ്സ്
8. ബി.എസ്.സി. (ബി&ബി) കോഴ്സുകൾ
9. എം.സി.എ. കോഴ്സുകൾ
10. പി.ജി. മെഡിക്കൽ (ഹോമിയോ) കോഴ്സുകൾ
11. എം.ഡി. ആയുർവേദ കോഴ്സുകൾ

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു†.

(സി) വേതനത്തിനു പുറമേ രാവിലെ 9 മണിക്ക് മുമ്പും വൈകുന്നേരം 6 മണിക്ക് ശേഷവും ജോലി ചെയ്തതിനുള്ള റമ്യൂണറേഷൻ.

ക്രമനമ്പർ	കാറ്റഗറി	ചെലവായ തുക
(1)	(2)	(3)
1	ഫിനാൻഷ്യൽ അസിസ്റ്റന്റ്	5,513.00
2	ടെക്നിക്കൽ അസിസ്റ്റന്റുമാർ	65,941.00
3	പ്രോഗ്രാമിംഗ് ഓഫീസർമാർ	42,857.00
4	പേഴ്സണൽ അസിസ്റ്റന്റ്	16,980.00
5	സൂപ്രണ്ടുമാർ	13,860.00
6	അസിസ്റ്റന്റുമാർ	33,950.00

† അനുബന്ധം XVIII

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
7	ടൈപ്പിസ്റ്റുമാർ	17,828.00
8	കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	5,850.00
9	ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ	27,103.00
10	ശിപായിമാർ	43,653.00
11	അറ്റൻഡർ	14,473.00
12	ഡ്രൈവർ	18,187.00
13	സ്വീപ്പർ	576.00
	ആകെ	3,06,801.00

LIBRARY ARCHIVES Kerala Legislative Assembly

വയോജന വിദ്യാഭ്യാസ ഓഫീസുകൾ

106 (2086) ശ്രീ. ബേബി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര വയോജന വിദ്യാഭ്യാസ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഏതൊക്കെ ജില്ലകളിലാണ് ഈ ഓഫീസുകൾ പ്രവർത്തിക്കുന്നത് ;

(സി) വയോജന വിദ്യാഭ്യാസ ഓഫീസുകളുടെ പ്രവർത്തനം അവസാനിപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ഡി) അങ്ങനെ നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിൽ ഇതുമൂലം ഏതൊക്കെ തസ്തികകളാണ് നിർത്തലാക്കുന്നത് ;

(ഇ) ഇങ്ങനെ തസ്തിക നിർത്തലാക്കുന്നതുമൂലം നിലവിലുള്ള ജീവനക്കാരുടെ പ്രൊമോഷൻ സാദ്ധ്യതയെ എത്രമാത്രം വിപരീതമായി ബാധിക്കും ;

(എഫ്) അങ്ങനെ പ്രൊമോഷൻ സാദ്ധ്യതകൾ ഇല്ലാതാക്കുന്നത് ഒഴിവാക്കാൻ റദ്ദാക്കപ്പെടുന്ന തസ്തികകൾ പുനർനാമകരണം ചെയ്ത് ജില്ലാ വിദ്യാഭ്യാസ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകളിൽ അക്കൗണ്ട്സ് ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിക്കുമോ ;

(ജി) ജില്ലാ വിദ്യാഭ്യാസ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകളിലെ ജോലിഭാരവും ഭാരിച്ച സാമ്പത്തിക ക്രയവിക്രയങ്ങളും പരിഗണിച്ച് അക്കൗണ്ട്സ് ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിക്കണമെന്ന കേരള വിദ്യാഭ്യാസ മിനിസ്റ്റീരിയൽ സ്റ്റാഫ് യൂണിയന്റെ ആവശ്യത്തിൻമേൽ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XVIII

[9-3-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 105(2085)-ന്റെ 'ബി' ഉത്തരം ദയവായി കാണുക]

1998-99 അക്കാദമിക് വർഷക്കാലത്ത് പ്രവേശന പരീക്ഷാ കമ്മീഷണറുടെ മേൽനോട്ടത്തിൽ നടന്ന പ്രവേശന പരീക്ഷകളും അതിന് വിവിധ ഇനത്തിൽ ചെലവായ തുകകളും രഹസ്യസേവനത്തിനായി ചെലവായ തുകകളും താഴെ കൊടുക്കുന്നു.

ക്രമ നം.	പ്രവേശന പരീക്ഷകൾ	ഇൻവിജിലേഷൻ കണ്ടിജന്റ് ഇനത്തിൽ ചിലവായ തുക (രൂപ)	ചോദ്യപേപ്പർ സെറ്റിംഗ് പ്രിന്റിംഗ് മൂല്യ നിർണ്ണയം മുതലായ (രൂപ)	ലോക്കൽ ഹോസ്പിറ്റാലിറ്റി ചാർജ് (രൂപ)	ചോദ്യപേപ്പർ ഉത്തരക്കടലാസ് എന്നിവ സംസ്ഥാനമൊട്ടാകെ ഉള്ള പരീക്ഷാ കേന്ദ്രങ്ങളിലേക്ക് കൊണ്ടുപോകാനും തിരിച്ചുകൊണ്ടു പോകാനുമുള്ള ചെലവ് (രൂപ)	രഹസ്യ സേവനത്തിനായി നടത്തിയ യാത്രകൾക്കു ചെലവായത് (രൂപ)
1	പൊതുപ്രവേശന പരീക്ഷ 1998	9,09,168				
2	പോസ്റ്റ്ഗ്രാഡ്വേറ്റ് സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സ്-1997	8,538				
3	പി.ജി. മെഡിക്കൽ കോഴ്സ്-98	38,533				
4	എം.എസ്സി. നേഴ്സിംഗ്	2,324				
5	എം.ഡി.എസ്-1998	4,782				
6	പഞ്ചവത്സര എൽ.എൽ.ബി. കോഴ്സ്-1998	13,140	8,36,153	6,523	1,43,218	31,369
7	എം.ഡി. ഹോമിയോ 1997-98	2,315				
8	ബി.എസ്സി. (ജി & സി) കോഴ്സ്-1998	4,545				
9	എം.ഡി. ആയുർവേദ 1998-99	3,958				
10	എം.ബി.എ. കോഴ്സ് 1998-99	11,844				
	ആകെ	9,99,147				